## ആലപ്പുഴ കൊമേഴ്സ്യൽ കനാലിന്റെ കരയിലുള്ള ചെറുഹട്ടുകൾ

170 (5897) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കൊമേഴ്സ്യൽ കനാലിന് ഇരുകരകളിലുമായി നിർമ്മിക്കപ്പെട്ടിട്ടുള്ള ചെറുഹട്ടുകൾ നിർമ്മിക്കുന്നതിന്റെ ചുമതല ആർക്കായിരുന്നുവെന്നും ഇതുവരെ എത്രയെണ്ണം പൂർത്തീകരിച്ച് ഡി.ടി.പി.സി.-യെ ഏൽപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തീകരിച്ചിട്ടും ഡി.ടി.പി.സി. -യ്ക്ക് കൈമാറാത്ത എത്ര ഹട്ടുകളാണ് കാലപ്പഴക്കം മൂലം നശിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കൊത്തവാൽ ചാവടിപ്പാലത്തിന് സമീപം നിർമ്മിച്ചിട്ടുള്ള ശൗചാലയം ശാസ്ത്രീയ രീതിയിൽ പ്രവർത്തന സജ്ജമാക്കാൻ കഴിയുമോ;

(ഡി) പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളതും (ആസ്പിൻവാൾ ഫാക്ടറിയുടെ എതിർവശം) നിർമ്മാണം പൂർത്തീകരിച്ചതുമായ റൂം ഡി.ടി.പി.സി-യ്ക്ക് കൈമാറിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിർമ്മാണ ചുമതല കിറ്റ്കോ (KITCO) യ്ക്കാണ്. ഈ സ്ഥാപനം നിർമ്മാണം പൂർത്തിയാക്കി വകുപ്പിന് കൈമാറിയിട്ടില്ല.

(ബി) കാലപ്പഴക്കം മൂലം ഒന്നും നശിച്ചിട്ടില്ല.

(സി) പരിശോധിക്കുന്നതാണ്.

(ഡി) പരിശോധിക്കാവുന്നതാണ്.

## ആഭ്യന്തര ടൂറിസം

171 (5898) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം വന്നതിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) ആഭ്യന്തര ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഇല്ലെങ്കിൽ യാത്ര ചെലവ്, ഭക്ഷണം, താമസം, സ്ഥലങ്ങൾ കാണൽ എന്നിവയെല്ലാം ഉൾപ്പെടെയുള്ള ടൂറിസം പാക്കേജുകൾ നടപ്പിലാക്കുന്നതിനും തദ്വാരാ ആഭ്യന്തര ടൂറിസം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നോട്ട് നിരോധനത്തിനുശേഷം ആഭ്യന്തര ടൂറിസം രംഗത്ത് മാന്ദ്യം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തും സ്വദേശത്തും റോഡ് ഷോകളും ഫെയറുകളും സംഘടിപ്പിച്ചതിലൂടെയും പരസ്യ പ്രചരണങ്ങളിലൂടെയും പ്രചരണങ്ങൾ ത്വരിതപ്പെടുത്തിയതിലൂടെയും നോട്ട് നിരോധനം മൂലം സംസ്ഥാന ടൂറിസം രംഗത്തുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

(സി&ഡി) ആഭ്യന്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിലുള്ള ടൂറിസം പാക്കേജുകൾ ടൂറിസം വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നില്ല. നിലവിൽ ടൂറിസം പാക്കേജുകൾ നേരിട്ട് നടപ്പാക്കുന്ന വിഷയം ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല. എന്നാൽ കേരള ടൂറിസത്തിന്റെ അക്രഡിറ്റഡ് ടൂർ ഓപ്പറേറ്റർമാർ നൽകുന്ന ടൂർ പാക്കേജുകളെ സംബന്ധിച്ച വിശദാംശം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്താറുണ്ട്.

**മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് ചെലവഴിച്ച തുക.**

172 (5899) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ മലപ്പുറം ജില്ലയിൽ വിനോദ സഞ്ചാര വകുപ്പ് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഡി.റ്റി.പി.സി മലപ്പുറം വഴി ,എത്ര രൂപയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ കേന്ദ്രങ്ങളിൽ ഏതൊക്കെ ഇനത്തിലാണ് തുക ചെലവഴിച്ചതെന്നും അറിയിക്കുമോ;

(സി) താനൂർ-ഒട്ടുംപുറം വിനോദ സഞ്ചാര കേന്ദ്രത്തിൽ നിന്നും ഡി.റ്റി.പി.സി.-ക്ക് മേൽ സൂചിപ്പിച്ച വർഷങ്ങളിൽ ലഭിച്ച വരുമാനം എത്ര എന്നറിയിക്കാമോ?